## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1- 15046//2017 തീയതി- 24 .08.2020

**സർക്കുലർ നമ്പർ - 23 /2020-21**

വിഷയം – കേരള ചുമട്ട തൊഴിലാളി ക്ഷേമബോർഡിലെ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2020 ഓണം പ്രമാണിച്ച് ആഗസ്റ്റ് മാസത്തെ അർഹമായ മുഴവൻ ശമ്പളവും മുൻകൂറായി വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) 17.08.2020 ലെ സ.ഉ. (അച്ചടി) നമ്പർ 109/2020/ ധന നമ്പർ സർക്കാർ ഉത്തരവ്.

2) 19.08.2020 ലെ സ.ഉ. (അച്ചടി) നമ്പർ 112/2020/ ധന നമ്പർ സർക്കാർ ഉത്തരവ്.

3) കേരള ചുമട്ടുതൊഴിലാളി ചട്ടം (1981) റൂൾ 15(3) ( സി ).

മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വിവിധ ഓഫീസുകളിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളം 2020 ഓണം പ്രമാണിച്ച് മുൻകൂറായി ആഗസ്റ്റ് മാസം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ തുടർച്ചയായി സൂചന (2) അടിസ്ഥാനത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി / ഉപകാര്യാലയങ്ങളിലും ദിവസ വേതന അടിസ്ഥാനത്തിൽ സേവനത്തിൽ തുടരുന്ന ജീവനക്കാർക്ക് 2020 ഓണം പ്രമാണിച്ച് ആഗസ്റ്റ് മാസത്തെ അർഹമായ മുഴവൻ വേതനവും മുൻകൂറായി ആഗസ്റ്റ് മാസം 26,27 തീയതികളിൽ വിതരണം ചെയ്യുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ജീവനക്കാർ അധികമായി തുക കൈപ്പറ്റുന്ന സാഹചര്യമുണ്ടായാൽ, ആയത് തൊട്ടടുത്ത മാസത്തെ വേതനത്തിൽ നിന്നും തിരികെ പിടിക്കുന്നതാണെന്നുള്ള ചുവടെ ചേർത്തിട്ടുള്ള പ്രൊഫോർമ്മയിൽ തയ്യാറാക്കിയ ഒരു സമ്മതപത്രം ബന്ധപ്പെട്ട ചെയർമാൻമാർ ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

**സമ്മത പത്രം**

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ..........................................................ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ ..................................ആയി ജോലി ചെയ്യുന്ന എനിക്ക് 2020 ആഗസ്റ്റ് മാസം ഓണത്തോടനുബന്ധിച്ച് മുൻകൂറായി അനുവദിക്കുന്ന വേതന തുകയിൽ അധികമായി ദിവസവേതനം കൈപ്പറ്റുകയാണെങ്കിൽ ടി തുക അടുത്ത മാസം നൽകുന്ന ദിവസ വേതനത്തിൽ നിന്നും കിഴിവ് ചെയ്യുന്നതിന് എനിക്ക് സമ്മതമാണ്.

തീയതി- ഒപ്പ്-

സ്ഥലം പേര്-

മറുപുറം

**<u>സ്വീകർത്താവ്</u>**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**<u>പകർപ്പ്</u>**

ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ ( ഡബ്ലിയു. ഇ), (പി. എ) (ഐ. എ)

ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും ). ബിൽ/എസ്.ഫ്. സ്പെയർ